**KERALA INDUSTRIAL INFRASTRUCTURE DEVELOPMENT CORPORATION**

(A Statutory Body of Government of Kerala)
KINFRA House, T.C.31/2312, Sasthamangalam, Trivandrum – 695 010
Tel : 0471-2726585, Fax : 0471-2724773

KINFRA/GAV/038/2016-17 20-06-2017

# കൊട്ടേഷൻ

തിരുവനന്തപുരം ജില്ലയിൽ, തോന്നക്കൽ താലൂക്കിൽ, കിൻഫ്രയുടെ അധീനതയിലുള്ള ഗ്ലോബൽ ആയുർവേദ വില്ലേജിനു വേണ്ടിയുള്ള സ്ഥലത്ത് തടസ്സമായി നിൽക്കുന്നതും മുറിച്ചിട്ടതുമായ 340 റബ്ബർ, 16 തെങ്ങ്, 2 കശുമാവ്, 1 അക്കേഷ്യ എന്നീ മരങ്ങൾ മറ്റു വസ്തുക്കൾക്കും മരങ്ങൾക്കും കേടുപാടുകൾ കൂടാതെ മുറിച്ച് കൊണ്ടുപോക്കുന്നതിനുള്ള അവകാശത്തിനായി താഴെപ്പറയുന്ന മാതൃകയിൽ കൊട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | മരങ്ങൾ | മരങ്ങളുടെ എണ്ണം | കോട്ട് ചെയ്യുന്ന തുക | |
|---|---|---|---|---|
| | | | അക്കത്തിൽ | അക്ഷരത്തിൽ |
| 1 | റബ്ബർ | 340 | | |
| 2 | തെങ്ങ് | 16 | | |
| 3 | അക്കേഷ്യ | 1 | | |
| 4 | കശുമാവ് | 2 | | |
| | ആകെ | 359 | | |

കൊട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും, മേൽ വിലാസവും, ഫോൺ നമ്പരും, ഒപ്പും കൊട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. സാക്ഷ്യപ്പെടുത്തിയ / മുദ്രവെച്ച കൊട്ടേഷനുകൾ കിൻഫ്രയുടെ ശാസ്തമംഗലം ഓഫീസിൽ (ഫോൺ : 0471 2726585) **26/06/2017** വൈകുന്നേരം 5 മണിവരെ സമർപ്പിക്കാവുന്നതാണ്. കൊട്ടേഷനുകൾ **27/06/2017** രാവിലെ 10.30–ന് തുറക്കുന്നതാണ്. കൊട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ, നിലവിലെ നിയമങ്ങൾക്ക് വിധേയമായി കൊട്ടേഷൻ നിബന്ധനകൾ അനുസരിച്ച് മറ്റ് മരങ്ങൾക്കും വസ്തുക്കൾക്കും കേടുപാടുകൂടാതെ മരങ്ങൾ മുറിച്ചുമാറ്റി കൊണ്ടുപോകേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ കൊട്ടേഷനുകളും നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

## കൊട്ടേഷൻ വ്യവസ്ഥകൾ

1. കൊട്ടേഷൻ ചെയ്തു നൽകപ്പെട്ട മരങ്ങൾ കരാർ അനുവദിച്ച ദിവസം മുതൽ 10 ദിവസത്തിനകം പൂർണ്ണമായും പ്രസ്തുത സ്ഥലത്തു നിന്നും നീക്കം ചെയ്യേണ്ടതാണ്.
2. കരാറുകാരൻ കരാറുറപ്പിച്ച തുക കിൻഫ്രയിൽ അടച്ച ശേഷം മരങ്ങൾ മുറിച്ച് മാറ്റേണ്ട പ്രവർത്തി തുടങ്ങേണ്ടതാണ്.
3. കൊട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ കരാർ തുകക്ക് പുറമെ കരാർ തുകയുടെ 10% സെക്യൂരിറ്റി തുകയായി നൽകേണ്ടതാണ്. ഈ തുക കരാർ കാലാവധിക്ക് ശേഷം കിൻഫ്രക്ക് സംഭവിച്ച നഷ്ടങ്ങളും മറ്റ് കിട്ടേണ്ട തുകകളും കുറവ് ചെയ്ത് പലിശ ഇല്ലാതെ തിരികെ നൽകുന്നതായിരിക്കും.

4. കൊട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി അതാത് സ്ഥലങ്ങളിൽ പോയി മുറിച്ചു മാറ്റേണ്ട മരങ്ങളുടെ എണ്ണം, ഇനം, അതിരുകൾ മുതലായവയുടെ വിവരങ്ങൾ

മനസ്സിലാക്കിയിരിക്കേണ്ടത്റ്റാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ കിൻഫ്രയുടെ തീരുമാനം അന്തിമമായിരിക്കും. അതു ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

5. തീപിടിത്തം, വരൾച്ച, പ്രകൃതിക്ഷോഭം മുതലായവ മൂലം ഉണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം / പണിമുടക്ക് മുതലായവ മൂലം ഉണ്ടാകുന്നതോ, മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാകുന്നതുമായ നാശനഷ്ടങ്ങൾക്കോ കിൻഫ്ര ഉത്തരവാദികളായിരിക്കുന്നതോ, നഷ്ട പരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരൻെറ തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് കിൻഫ്രയ്ക്ക് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

6. കരാറുകാരന് പ്രസ്തുത ഭൂമിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള മരങ്ങൾ മാത്രം അവകാശപ്പെട്ടതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാണ്.

7. കരാറുകാരനിൽ നിന്നോ ടിയാൻെറ ഏജൻറിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കിൻഫ്രയുടെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടുള്ളതല്ല, മാത്രവുമല്ല നിയമവിധേയവുമല്ലാത്ത പ്രവൃത്തികൾ കരാറുകാരനോ, ടിയാൻെറ തൊഴിലാളികളോ പ്ലോട്ടുകളിൽ ചെയ്യാൻ പാടുള്ളതല്ല.

8. ദർഘാസ് തുകയ്ക്കു പുറമെ വിൽപന നികുതിയോ മറ്റു നികുതിയോ ബാധകമെങ്കിൽ ആയത് കരാറുകാരൻ കിൻഫ്രയിൽ ഒടുക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

9. കരാറുകാരിൽ നിന്നോ, ഏജൻറിൽനിന്നോ ടിയാൻെറ തൊഴിലാളികളിൽ നിന്നോ കിൻഫ്ര വക മരങ്ങൾക്കോ മറ്റു വസ്തുവകകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കിൻഫ്ര നിർദ്ദേശിക്കുന്ന തോതിലുള്ള നഷ്ടപരിഹാരത്തുക കരാറുകാരൻ അടയ്ക്കേണ്ടതാണ്. ഇതിൽ കിൻഫ്രയുടെ തീരുമാനം അന്തിമവുമായിരിക്കുന്നതാണ്.

10. പ്രസ്തുത സ്ഥലത്തുനിന്നും വിറക്, പുല്ല്, മറ്റു സാധനസാമഗ്രികൾ കരാറുകാരനോ അയാൾ ഏർപ്പെടുത്തുന്നവരോ, അയാളുടെ തൊഴിലാളികളോ കൊണ്ടുപോകാൻ പാടില്ല.

11. കരാറിൽ പറയാത്ത മരങ്ങൾ കാറ്റുമൂലമോ , പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞോ, പിഴുതോ വീണാൽ മരങ്ങൾ എടുക്കുന്നതിനോ, വിൽക്കുന്നതിനോ കിൻഫ്രയ്ക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം മരങ്ങൾ നീക്കുന്നതുമൂലം കരാറുതുകയിൽ ഇളവു ലഭിക്കുന്നതല്ല.

12. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരസ്വഭാവമുള്ള നിർമ്മാണപ്രവർത്തനങ്ങൾ യാതൊന്നും തന്നെ പ്ലോട്ടിനുള്ളിൽ നടത്താൻ പാടുള്ളതല്ല.

13. കരാറുകാരൻെറ ജോലിസമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾ പൂർണ്ണമായും കരാറുകാരൻെറ ഉത്തരവാദിത്വത്തിലായിരിക്കും.

14. കിൻഫ്രയും, കരാറുകാരനും തമ്മിലുള്ള ആശയവിനിമയം എഴുത്തുകളിലൂടെയാവണം.

15. കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ മരങ്ങൾ മുറിച്ചുമാറ്റേണ്ടതാണ്.

16. കരാറുവ്യവസ്ഥകൾക്കു വിപരീതമായി കരാറുകാരനോ, അയാളുടെ തൊഴിലാളികളോ പ്രവൃത്തിക്കുന്നതായി കിൻഫ്രയ്ക്കു ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള പരമാധികാരം കിൻഫ്രയ്ക്ക് ഉണ്ടായിരിക്കും. ഇതുമൂലം കിൻഫ്രയ്ക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാളിൽ നിന്ന് ഈടാക്കുന്നതിന് കിൻഫ്രയ്ക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്. അങ്ങിനെ കരാർ റദ്ദാക്കേണ്ടിവരുന്ന സാഹചര്യത്തിൽ ടിയാൻെറ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ശേഷിക്കുന്ന കാലത്തേയ്ക്ക് കരാർ നൽകുന്നതിനുള്ള അവകാശവും കിൻഫ്രയ്ക്കുണ്ടായിരിക്കുന്നതാണ്.

17. ക്വൊട്ടേഷനുകൾ കിൻഫ്രയുടേ ശാസ്തമംഗലം ഓഫീസിൽ ഒന്നാമത്തെ പേജിൽ പറഞ്ഞ സമയത്ത് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

18. കരാർ നിയമപ്രകാരം കിൻഫ്രയും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിൻെറ പരിധി തിരുവനന്തപുരത്തുള്ള കോടതിയിൽ നിക്ഷിപ്തമായിരിക്കും.
19. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി കരാർ മറിച്ചുനൽകാൻ പാടില്ല.

20. കരാറുകാരൻ മാർക്ക് ചെയ്ത മരങ്ങൾ മാത്രം മുറിക്കേണ്ടതും ഭൂമിയിലെ മറ്റു മരങ്ങൾ മുറിച്ചു മാറ്റാൻ പാടില്ല.

21. മാർക്ക് ചെയ്യാത്ത മറ്റ് മരങ്ങൾ മുറിക്കുകയോ കേടുപാടുകൾ വരുത്താനോ പാടില്ലാത്തതുമാണ്.

22. മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ കരാറുകാരൻ, കരാർ കാലാവധിക്കുള്ളിൽ തന്നെ ഏറ്റെടുത്തുമാറ്റേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരൻെറ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്ന് ഈടാക്കുന്നതും സെക്യൂരിറ്റി തുക പോരാതെ വന്നാൽ നിയമപരമായ നടപടികളിൽ കൂടി ഈടാക്കുന്നതുമാണ്.

23. ഈ വ്യവസ്ഥകൾ കരാറിൻെറ ഭാഗമായിരിക്കുന്നതാണ്. കരാറുകാരൻ മുകളിൽ പറഞ്ഞ വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**
കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ